**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1886** **09-12-2022 - ൽ മറുപടിയ്ക്ക്**

**വീട്ടുകൾ കേന്ദ്രീകരിച്ച് പച്ചക്കറി കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വീട്ടുകൾ കേന്ദ്രീകരിച്ച് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക, ആരോഗ്യ ഭക്ഷണം ഉറപ്പാക്കുക, തൊഴിലവസരം സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ബൃഹത്തായ പദ്ധതിയാണ് "*ഞങ്ങളും കൃഷിയിലേക്ക്*". പ്രസ്തുത പദ്ധതിയുടെ ഭാഗമായി സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരേയും പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.<br><br>സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം വീട്ടുകൾ കേന്ദ്രീകരിച്ച് പച്ചക്കറി കൃഷി വ്യാപിക്കുന്നതിനായി വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം, മട്ടുപ്പാവ് കൃഷി (റൂഫ് ടോപ്പ് കൾട്ടിവേഷൻ), മഴമറ കൃഷി തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. ആയതിലേക്ക് നടപ്പ് സാമ്പത്തിക വർഷം 500 ലക്ഷം രൂപയുടെ 50 ലക്ഷം വിത്തു പായ്ക്കറ്റുകളും 375 ലക്ഷം രൂപയുടെ 150 ലക്ഷം പച്ചക്കറി തൈകളും 105 ലക്ഷം രൂപയുടെ 7 ലക്ഷം ബഹുവർഷ പച്ചക്കറി തൈകളും സൗജന്യമായി വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ 820 ലക്ഷം രൂപയുടെ 41000 യൂണിറ്റ് റൂഫ് ടോപ്പ് കൃഷി (ചെടിച്ചട്ടികളിലുള്ള കൃഷി ലംബകൃഷി, ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷി രീതികൾ), 500 ലക്ഷം രൂപയുടെ മഴമറകൃഷി എന്നിവയും അടുക്കളത്തോട്ടം |

പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പ സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്നു.

വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10/- രൂപയുടെ പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 2.50 രൂപ വിലയുള്ള പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും, കർഷകർക്കും, വീട്ടമ്മമാർക്കും, വിവിധ സന്നദ്ധസംഘടനകൾക്കും, സൗജന്യമായി വിതരണം ചെയ്യുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നും തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനായി ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ 15/- രൂപ വിലവരുന്ന തൈകൾ സൗജന്യമായി കർഷകർക്ക് നൽകി വരുന്നു.

യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി ലംബകൃഷി, ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷി രീതികൾ പ്രോത്സാഹിപ്പിച്ചു വരുന്നു. ഇതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ മട്ടുപ്പാവ് കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഒരു യൂണിറ്റിന് 2000/- രൂപ എന്ന നിരക്കിൽ സബ്സിഡി നൽകി വരുന്നു.

വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

കൂടാതെ, വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി ക്ലസ്റ്ററുകളിലായി 3 മുതൽ 5 ഹെക്ടർ വരെ പച്ചക്കറി കൃഷി ചെയ്യുന്നതിനായി ക്ലസ്റ്റർ ഒന്നിന്

| | | | |
|---|---|---|---|
| | | | പരമാവധി 1 – 1.25 ലക്ഷം രൂപ വരെ ധനസഹായം നൽകി വരുന്നുണ്ട്.<br><br>ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറെന്നിന് പന്തൽ ആവശ്യമുള്ള പച്ചക്കറി ഇനം കൃഷിചെയ്യുന്നതിനായി 25,000/- രൂപയും, പന്തൽ ആവശ്യമില്ലാത്തതിനായി 20,000/- രൂപയും കൃഷി ചെയ്യുന്ന വിസ്തീർണ്ണം അടിസ്ഥാനമാക്കി ധനസഹായം നൽകുന്നുണ്ട്. |
| (ബി) | പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക, ആരോഗ്യ ഭക്ഷണം ഉറപ്പാക്കുക, തൊഴിലവസരം സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ബൃഹത്തായ പദ്ധതിയാണ് *"ഞങ്ങളും കൃഷിയിലേക്ക്"*. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരേയും പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.<br><br>സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം വീടുകൾ കേന്ദ്രീകരിച്ച് പച്ചക്കറി കൃഷി വ്യാപിക്കുന്നതിനായി വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം, മട്ടുപ്പാവ് കൃഷി (റൂഫ് ടോപ്പ് കൾട്ടിവേഷൻ), മഴമറ കൃഷി തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. ആയതിലേക്ക് നടപ്പു സാമ്പത്തിക വർഷം 500 ലക്ഷം രൂപയുള്ള 50 ലക്ഷം വിത്തു പായ്ക്കറ്റുകളും 375 ലക്ഷം രൂപയുള്ള 150 ലക്ഷം പച്ചക്കറി തൈകളും 105 ലക്ഷം രൂപയുള്ള 7 ലക്ഷം ബഹുവർഷ പച്ചക്കറി തൈകളും സൗജന്യമായി വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ 820 ലക്ഷം രൂപയുള്ള 41000 യൂണിറ്റ് റൂഫ് ടോപ്പ് കൃഷി (ചെടിച്ചട്ടികളിലുള്ള കൃഷി ലംബകൃഷി, ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷി രീതികൾ), 500 ലക്ഷം രൂപയുടെ മഴമറകൃഷി എന്നിവയും അടുക്കളത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്നു. |

വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10/- രൂപയുടെ പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 2.50 രൂപ വിലയുള്ള പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും, കർഷകർക്കും, വീട്ടമ്മമാർക്കും, വിവിധ സന്നദ്ധസംഘടനകൾക്കും, സൗജന്യമായി വിതരണം ചെയ്യുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നും തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനായി ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ 15/- രൂപ വിലവരുന്ന തൈകൾ സൗജന്യമായി കർഷകർക്ക് നൽകി വരുന്നു.

യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി ലംബകൃഷി, ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷി രീതികൾ പ്രോത്സാഹിപ്പിച്ചു വരുന്നു. ഇതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ മട്ടുപ്പാവ് കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഒരു യൂണിറ്റിന് 2000/- രൂപ എന്ന നിരക്കിൽ സബ്സിഡി നൽകി വരുന്നു.

വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

കൂടാതെ, വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി ക്ലസ്റ്ററുകളിലായി 3 മുതൽ 5 ഹെക്ടർ വരെ പച്ചക്കറി കൃഷി ചെയ്യുന്നതിനായി ക്ലസ്റ്റർ ഒന്നിന് പരമാവധി 1 – 1.25 ലക്ഷം രൂപ വരെ ധനസഹായം നൽകി വരുന്നുണ്ട്.

| | | | |
|---|---|---|---|
| | | | ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറെന്നിന് പന്തൽ ആവശ്യമുള്ള പച്ചക്കറി ഇനം കൃഷിചെയ്യുന്നതിനായി 25,000/- രൂപയും, പന്തൽ ആവശ്യമില്ലാത്തതിനായി 20,000/- രൂപയും കൃഷി ചെയ്യുന്ന വിസ്തീർണ്ണം അടിസ്ഥാനമാക്കി ധനസഹായം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ